(ബി) ഇവയിൽ കൊമേഴ്സിയൽ സ്വഭാവമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ സ്വകാര്യ മേഖലയുടെ സഹകരണം തേടാൻ ഡി.റ്റി.പി.സി.-യോട് നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് നടപടി

105 [1791] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഗസ്റ്റ് ഹൗസുകൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് പാട്ട വ്യവസ്ഥയിൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കെ. ടി. ഡി. സി.-യുടെ എത്ര സ്ഥാപനങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരത്ത് കെ.ടി.ഡി.സി. ആസ്ഥാന മന്ദിരം എവിടെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) വാടക കെട്ടിടത്തിലാണോ ഓഫീസ് പ്രവർത്തിക്കുന്നത് എങ്കിൽ ഇതിന്റെ വാടക എത്ര;

(എഫ്) കെ.ടി.ഡി.സി. പുതിയ ഹോട്ടലുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഗസ്റ്റ് ഹൗസുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഇല്ല.

(സി) കെ.റ്റി.ഡി.സി.-യുടെ ഒരു സ്ഥാപനവും സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല.

(ഡി) ടൂറിസം വകുപ്പിന്റെ അധീനതയിൽ തിരുവനന്തപുരത്ത് തൈക്കാടുള്ള യാത്രിനിവാസിലാണ് കെ.റ്റി.ഡി.സി.-യുടെ ആസ്ഥാനം ഇപ്പോൾ പ്രവർത്തിക്കുന്നത്.

(ഇ) അതേ. ഇതിന്റെ വാടക സംബന്ധിച്ച് അന്തിമ തീരുമാനം ഇതുവരെ ആയിട്ടില്ല.

(എഫ്) കെ.റ്റി.ഡി.സി. പുതിയ ഹോട്ടലുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ പുതുതായി റസ്റ്റോറന്റുകൾ തുടങ്ങാൻ ആലോചനയുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ബിയർ പാർലറുകൾ

106 [1792] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങളിലും പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും വിനോദസഞ്ചാരികളുടെ താൽപ്പര്യവും ആവശ്യങ്ങളും മുൻനിർത്തി സ്വകാര്യ മേഖലയിൽ മോട്ടലുകളും ബിയർ പാർലറുകളും ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ടൂറിസ്റ്റുകളുടെ ക്ഷേമം മുൻനിർത്തി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്വകാര്യ മേഖലയിലും പൊതുമേഖലയിലും ബിയർ പാർലറുകൾ അനുവദിക്കുന്നതിനും അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി പേ ആന്റ് യൂസ് കംഫർട്ട് സ്റ്റേഷനുകളും ആരംഭിക്കുന്നതിനും അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കോവളം, വർക്കല, കുമരകം തുടങ്ങിയ സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളുടെ സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിന് ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ക്ലോക്ക് റൂമുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) കോവളം ബീച്ചിൽ കടലിന് അഭിമുഖമായി കെട്ടിട നിർമ്മാണ ചട്ടങ്ങളും തീരപ്രദേശ നിയന്ത്രണ ചട്ടങ്ങളും പാലിക്കാതെ സ്വകാര്യ വ്യക്തികൾ കെട്ടിയ അനധികൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും തീരം മോടികൂട്ടി, സൗകര്യപ്രദവും, ശുചിത്വമുള്ളതുമാക്കിത്തീർക്കുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly